# ദൈവഹിതം ചെയ്യുന്നവരാകുക

## എഫെസ്യർ 2:10

"നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു."

ഒരു ദൈവപൈതലിനെ ദൈവം ഈ ലോകത്തിൽ ആക്കിവെച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യത്തെയും, ഇവിടെയായിരിക്കുമ്പോൾ അവന്റെ ജീവിതം എപ്രകാരം ആകണമെന്നുള്ളതിനെയും കുറിച്ച് ഒരു ബോധ്യമുണ്ടാക്കുന്ന വേദഭാഗമാണ് നാം മേൽകണ്ടത്. ഓരോ വ്യക്തിയെയും തമ്പുരാൻ പ്രത്യേക ദൗത്യവുമായിട്ടാണ് ഈ ലോകത്തിലേക്ക് അയച്ചിരിക്കുന്നത്. നാം അത് തിരിച്ചറിഞ്ഞ് ചെയ്യാൻ വേണ്ടി മുന്നമേ ഒരുക്കി വച്ചിരിക്കയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഒരു ജീവിതവും നശിച്ചു പോവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എന്നാൽ ഈ ദൈവീക ഉദ്ദേശ്യം തിരിച്ചറിയാതെയുള്ള ഒരു ഓട്ടമാണ് പലപ്പോഴും നമ്മുടെ ജീവിതം. അഥവാ ജീവിതയാത്രയിൽ അത് തിരിച്ചറിഞ്ഞാൽ തന്നെയും അതിനോട് പൂർണ്ണമായി സമർപ്പണത്തോടെ പ്രതികരിക്കാൻ നാമും വിസമ്മതിക്കുന്നു എന്നതാണ് സത്യം.

നമ്മിലൂടെ പലതും ചെയ്യാൻ ദൈവം ആഗ്രഹിക്കുന്നു. അത് നാം തിരിച്ചറിയുമ്പോഴാണ് നമ്മുടെ ജീവിതം മാറാൻ തുടങ്ങുന്നത്. അങ്ങനെ നമ്മിലൂടെ ദൈവം അനേകരെ അനുഗ്രഹിക്കുവാൻ തുടങ്ങുന്നു. ജോസഫിനെ ഓർത്ത് പോത്തിഫേറിനെ അനുഗ്രഹിച്ച ഒരു ദൈവത്തെ നാം വചനത്തിൽ കാണുന്നു. അതുപോലെ ദൈവീക ദൗത്യം തിരിച്ചറിഞ്ഞ് അതിനായി സമർപ്പിച്ച ഒരു ദൈവപൈതലിനെ ഓർത്ത് ദൈവം ദേശത്തെയും ഭവനത്തെയും വ്യക്തിയെയും അനുഗ്രഹിക്കും. അപ്പോഴാണ് ദൈവത്തിന്റെ കരവേലയായ നമ്മുടെ ജീവിതം യഥാർഥത്തിൽ പൂർണ്ണതിയിൽ എത്തുന്നത്. ഈ പൂർണ്ണതയിൽ നാം എത്തിയേ മതിയാവൂ, ഇല്ലെങ്കിൽ നമ്മുടെ ജീവിതം ഒരു പരാജയമായി മാറും.

എന്നാൽ ഈ ദൗത്യം തിരിച്ചറിയണമെങ്കിൽ നാം ദൈവത്തോട് ചേർന്നിരുന്ന് ദൈവസ്വരം കേൾക്കണം. കേട്ടത് അനുസരിക്കാനായി സമർപ്പിക്കണം. ദൈവവും ദൈവത്തിന്റെ വചനവും മാറ്റമില്ലാത്തതാക കൊണ്ട് അവൻ മുന്നൊരുക്കിയിരിക്കുന്ന ദൗത്യവും മാറില്ല. നാം അതിനോട് പ്രതികരിച്ചില്ലെങ്കിൽ ദൈവം മറ്റൊരു വ്യക്തിയെ അതിനായി നിയോഗിക്കും. അവിടെയാണ് നമ്മുടെ ജീവിതം ഒരു വലിയ തോൽവിയായി മാറുന്നത്. ദൈവം ഉദ്ദേശിച്ച ദൗത്യം മനസ്സിലാക്കാതെ നാം എന്തൊക്കെ ചെയ്തു കൂട്ടിയാലും എത്ര ഉന്നതിയിൽ എത്തിയാലും അത് നമ്മുടെ അത്യന്തികമായ വളർച്ചയല്ല,

ദൈവത്തിന് നമ്മിൽ സന്തോഷിക്കാനും ആകില്ല. അതുകൊണ്ട് ലോകമനുഷ്യർ ചിന്തിക്കുന്നതു പോലെയും ജീവിക്കുന്നതു പോലെയും അല്ല ഒരു ദൈവപൈതൽ ജീവിക്കേണ്ടത് എന്ന ബോധ്യം ഉള്ളിൽ എപ്പോഴും ഉണ്ടാവണം.

എന്നാൽ ഈ ദൈവീക ദൗത്യം ഒരു ദൈവപൈതൽ തിരിച്ചറിയാതെ ജീവിതം നയിക്കാൻ വേണ്ടി സാത്താൻ അനേകം കെണികൾ ഒരുക്കുന്നു. അവയെ നാം തിരിച്ചറിയണം. വചനത്തിന്റെ ശക്തിയാൽ ജയിക്കണം. അപ്പോഴാണ് നാം നമ്മുടെ ജീവിതത്തിന്റെ യഥാർഥ ലക്ഷ്യത്തിലേക്ക് നയിക്കപ്പെടുന്നത്. അതിനായി പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ എന്നു പ്രാർഥിക്കാം.

പരാമർശം :

എബ്രായർ 13:20–21

നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നു മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളതു യേശുക്രിസ്തു മുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന്നു എന്നേക്കും മഹത്വം. ആമേൻ.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 068